# ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

**ആറ്റുകാൽ, തിരുവനന്തപുരം-9**

നമ്പർ.ഇ3/304/2023/എബിറ്റിറ്റി/ 178 തീയതി : 19.01.2023

## ടെൻഡർ

## ട്രസ്റ്റ് വക പബ്ലിക് കംഫർട്ട് സ്റ്റേഷൻ നടത്തുന്നതിനുള്ള അവകാശം

ആറ്റുകാൽ ഭഗവതിക്ഷേത്രത്തിൽ 1-4-2023 മുതൽ 30.06.2023 വരെ കംഫർട്ട് സ്റ്റേഷൻ നടത്തുന്നതിനുള്ള അവകാശത്തിന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 25.01.2023 വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും അന്നേദിവസം വൈകുന്നേരം 4.00 മണിക്ക് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുന്നതുമാണ്.

***ടെൻഡർ നിബന്ധനകൾ***

1. നിരതദ്രവ്യതുകയായ 25,000 രൂപ (ഇരുപത്തിയയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്, തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ ഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.

2. ട്രസ്റ്റ് വക പബ്ലിക് കംഫർട്ട് സ്റ്റേഷൻ ഭക്തജനങ്ങൾക്ക് മലമൂത്ര വിസർജനം ചെയ്യുന്നതിനും കുളിക്കുന്നതിനും അനുവദിക്കേണ്ടതാണ്. ആയതിലേയ്ക്ക് വ്യക്തി ഒന്നിന് മൂത്ര വിസർജനം ചെയ്യുന്നതിന് രണ്ട് രൂപയും മലമൂത്ര വിസർജനം ചെയ്യുന്നതിന് നാല് രൂപയും കുളിക്കുന്നതിന് ആറ് രൂപയും മാത്രമെ ഈടാക്കുവാൻ പാടുള്ളു. ഓരോ രണ്ട് മണിക്കൂർ കഴിയുമ്പോഴും പ്രസ്തുത സ്ഥലങ്ങൾ വൃത്തിയാക്കുകയും ഇതുമായി ബന്ധപ്പെട്ട എല്ലാ വൃത്തിയാക്കലും കരാറുകാരന്റെ ചുമതലയാണ്. പൊങ്കാല മഹോത്സവത്തിന് 8,9,10 എന്നീ ദിവസങ്ങളിൽ സൗജന്യമായി ഭക്തജനങ്ങൾക്ക് കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്നതിന് സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

3. കംഫർട്ട് സ്റ്റേഷനിലെ റേറ്റുകൾ രേഖപ്പെടുത്തിയ ബോർഡ് ഭക്തജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

4. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി 25,000/-രൂപ (ഒരു ഇരുപത്തിയയ്യായിരം രൂപാ മാത്രം) സെക്യൂരിറ്റി തുകയായി ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

5. ടെൻഡർ കാലയളവിൽ യാതൊരു കാരണവശാലും നിരക്കുകൾ വർദ്ധിപ്പിക്കുന്നതല്ല.

6. കരാർ ലംഘനം നടത്തിയതായി കാണുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.

7. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

8. മുമ്പ് കംഫർട്ട് സ്റ്റേഷൻനടത്തിയിട്ടുള്ള സ്ഥലത്തു യാതൊരു ബാദ്ധ്യതയും ഇല്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

9. കരാർ നൽകുന്നത് മൂന്നു മാസത്തേയ്ക്കാണ്. 01.04.2023 മുതൽ 30.06.2023 വരെ കംഫർട്ട് സ്റ്റേഷൻ ഇതിനുള്ള തുക എഗ്രിമെന്റിനോടൊപ്പം ഒടുക്കേണ്ടതാണ്. കരാർ കാലയളവിൽ പ്രസ്തുത നടത്തിപ്പ് തൃപ്തികരമല്ലെന്ന് ട്രസ്റ്റിന് ബോദ്ധ്യപ്പെട്ടാൽ കരാർ അവസാനിപ്പിക്കുന്നതിനുള്ള പൂർണ്ണ അധികാരം ട്രസ്റ്റിന് നിക്ഷിപ്തമാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. കരാർ തുക ക്വോട്ട് ചെയ്യേണ്ടത് ജി.എസ്.റ്റി.ക്കു പുറമെ ആയിരിക്കണം.

10 കരാർ തുടർന്നു നൽകാതെയുള്ള സാഹചര്യത്തിൽ കരാറുകാരൻ യാതൊരു തടസ്സ വാദവും ഉന്നയിക്കാതെ പിൻമാറേണ്ടതും ആ സാഹചര്യത്തിൽ യുക്തമായ തുടർ നടപടികൾ ട്രസ്റ്റ് സ്വീകരിക്കുന്നതുമാണ്. കരാർ കാലയളവിൽ ഭക്തജനങ്ങൾക്കും ട്രസ്റ്റിനും യാതൊരുവിധ അസൗകര്യങ്ങളോ പരാതിയോ ഉണ്ടാകുന്നില്ല എന്ന കാര്യം കരാറുകാരൻ ഉറപ്പാക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി സംഭവിച്ചാൽ ആയതിനുള്ള നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുകയും കരാറുകാരനെ ട്രസ്റ്റുമായി ഇത്തരത്തിലുള്ള ഭാവി ഇടപാടുകളിൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമാണ്.

11. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

12. കറന്റും ചാർജ്ജും വെള്ളക്കരവും കരാറുകാരൻ തന്നെ വഹിക്കണം.

സെക്രട്ടറി

ആറ്റുകാൽ ഭഗവതിക്ഷേത്രട്രസ്റ്റ്

നോട്ടീസ് ബോർഡ് : ക്ഷേത്രം
ഓഫീസ്
വെബ് സൈറ്റ്

പകർപ്പ് : പ്രസിഡന്റ്, എബിറ്റിറ്റി
സൂപ്രണ്ട്, ട്രസ്റ്റാഫീസ

˘.sr